(സി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Sick Unit Revival Programme-SURP) എന്ന പേരിൽ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ് നിലവിൽ ഉണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നു.

- പീഡിത വ്യവസായങ്ങൾക്കായി മാർജിൻ മണി ലോണുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകപ്പെടുന്നു. (പരമാവധി 2 ലക്ഷം രൂപ വരെ).

- റിവൈവൽ പ്രോജക്ട് റിപ്പോർട്ട് (RPR) തയ്യാറാക്കുന്നതിന് ഒടുക്കിയ തുകയുടെ 50% സബ്സിഡിയായി നൽകുന്നു. (പരമാവധി 10,000 രൂപ).

- സാങ്കേതിക ഉപദേശത്തിനും ടെക്നോളജിക്കും ചെലവായ തുകയുടെ 50% ഗ്രാന്റായി നൽകുന്നു. (പരമാവധി 15,000 രൂപ).

- സ്റ്റാർട്ട്-അപ് എക്സ്പെൻസ് ലോൺ ആയി പരമാവധി 2.5 ലക്ഷം രൂപ നൽകുന്നു.. (മാർജിൻ മണി ലോണും സ്റ്റാർട്ട്-അപ് എക്സ്പെൻസും കൂടി മൂന്ന് ലക്ഷം രൂപയിൽ കൂടരുത് എന്ന വ്യവസ്ഥയോടെ).

- റവന്യൂ റിക്കവറി നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിലും അത് ഒരു വർഷത്തേയ്ക്കോ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ നിർത്തിവയ്ക്കുന്നതാണ്.

ഹോംകോയുടെ പ്രവർത്തനങ്ങൾ

12 (*522) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോമിയോ ചികിത്സാ സംവിധാനത്തിൻ കീഴിൽ ഔഷധ നിർമ്മാണരംഗത്ത് ഹോംകോ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(ബി) ഹോംകോയുടെ കീഴിൽ സ്ഥാപിക്കുന്ന ഹോമിയോ മരുന്നു കമ്പനി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

(സി) പുതിയ ഫാർമസി കോളേജ് തുടങ്ങുന്നതിനായി ഹോംകോ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി (ഹോംകോ) യുടെ മുഖ്യ ലക്ഷ്യം ഔഷധ നിർമ്മാണവും വിതരണവുമാണ്. 2009-2010 വർഷം 994 ലക്ഷം രൂപയുടെ ഔഷധങ്ങൾ നിർമ്മിച്ച് വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ മരുന്നു മുഴുവനും നിർമ്മിച്ച് വിതരണം ചെയ്യുന്നത് ഹോംകോയാണ്. ഇത് കൂടാതെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും മരുന്ന് കയറ്റി അയയ്ക്കുന്നുണ്ട്. ഔഷധസസ്യകൃഷി രംഗത്തും ഹോമിയോപ്പതി പ്രചാരണ രംഗത്തും വിദ്യാഭ്യാസ രംഗത്തും ഹോംകോ പ്രവർത്തിച്ചു വരുന്നു.

(ബി) ഹോംകോയുടെ പാതിരപ്പള്ളിയിലുള്ള ഔഷധ നിർമ്മാണശാല ഇപ്പോൾ പൂർണ്ണ തോതിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന ഔഷധ ഓർഡറുകൾ എല്ലാം സ്വീകരിക്കുവാനും അതിന് അനുസൃതമായി മരുന്നുകൾ നിർമ്മിച്ച് വിതരണം നടത്തുവാനുള്ള ശേഷി സ്ഥാപനത്തിന് ഇല്ലാത്തതിനാൽ ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിനുള്ള 19.68 കോടി രൂപയ്ക്ക് ഒരു പ്രോജക്ട് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 5.28 കോടി രൂപ മുടക്കി പുതിയ ഫാക്ടറി കെട്ടിടത്തിന് സ്ഥലം വാങ്ങിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹോംകോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ ബഡ്ജറ്റിൽ ഹോംകോയുടെ കീഴിൽ ഒരു ഫാർമസി കോളേജ് സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഹോംകോ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയില്ല.

ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച നടപടികൾ

13 (*523) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ശശികുമാർ :
ശ്രീ: മഞ്ഞളാംകുഴി അലി :
ശ്രീ. കെ ടി. ജലീൽ :. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ, പാരാമെഡിക്കൽ രംഗത്ത് ഈ സർക്കാർ ആവിഷ്ക്കരിച്ച വികസന പരിപാടികൾ എന്തെല്ലാമാണ് ;

(ബി) ഡെന്റൽ ചികിത്സയ്ക്കുള്ള സൗകര്യം എന്തുമാത്രം മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly